# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4897 — 4/7/2012-ൽ മറുപടിക്ക്

## മത്സ്യഭവനുകളുടെ നിർമ്മാണവും പ്രവർത്തനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ..കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) മത്സ്യഭവനുകൾ ഇല്ലാത്ത തീരദേശ പഞ്ചായത്തുകളിൽ മത്സ്യഭവൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ). മത്സ്യഭവൻ നിർമ്മിക്കുന്നത് അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (ബി) മത്സ്യഭവൻ പ്രവർത്തനം ശരിയായ രീതിയിൽ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ ഏത് ഉദ്യോഗസ്ഥനെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി). ഉണ്ട്. അതാതു ജില്ലാ ഓഫീസർമാരാണ് മത്സ്യഭവനുകളുടെ പ്രവർത്തനം ശരിയായ രീതിയിൽ നടക്കുന്നുണ്ടോ എന്നുപരിശോധിക്കുന്നത്. |

| | |
|---|---|
| (സി) മത്സ്യഭവനുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനുമായി സർക്കാർ നടപ്പാക്കുന്ന എല്ലാ പദ്ധതികളും കാലതാമസം കൂടാതെ നേരിട്ട് മത്സ്യത്തൊഴിലാളികളിലേയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ ഏകജാലക സംവിധാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് മത്സ്യഭവനുകൾ. ഫിഷറീസ് വകുപ്പിന്റെയും വിവിധ ഏജൻസികളുടെയും പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഏകജാലകസംവിധാനമായി മത്സ്യഭവൻ പ്രവർത്തിക്കുന്നു. മത്സ്യഭവൻ ഓഫീസർ, ഫിഷറീസ് ഓഫീസർ, പ്രോജക്ട് ഓഫീസർ എന്നീ ഉദ്യോഗസ്ഥരുടെ സേവനം മത്സ്യഭവൻ മുഖേന ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ.